## കാർഷിക കാലാവസ്ഥബുള്ളറ്റിൻ - ആലപ്പുഴ ജില്ല

ഫോൺ:0481-2524421 - ഇമെയിൽ: amfukumarakom@gmail.com

**നമ്പർ: Ala-AAS 72/2025** പൂരം *ഞാറ്റുവേല* **തീയതി: 12.09.2025 ചിങ്ങം 27**

(ഭാരതീയ അന്തരീക്ഷശാസ്ത്രവിഭാഗം, ന്യൂഡൽഹിയുടെ ജില്ലാ തല കാലാവസ്ഥ പ്രവചനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

(**കാർഷിക കാലാവസ്ഥ ഫീൽഡ് യൂണിറ്റ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, ഭാരതീയ അന്തരീക്ഷ ശാസ്ത്രവിഭാഗംഎന്നിവ സംയുക്തമായി നൽകുന്നത്**)

| **കഴിഞ്ഞവാരം –സംക്ഷിപ്തകാലാവസ്ഥ (08/09/25- 12/09/25)** | **കാലാവസ്ഥ പ്രവചനം (13/09/25-17/09/25)** |
|---|---|
| കഴിഞ്ഞ വാരത്തിലെ ഉയർന്ന താപനില 34.6 ഡിഗ്രി സെല്ഷ്യസും കുറഞ്ഞ താപനില 24.3 ഡിഗ്രി സെൽഷ്യസ് വരെയും ആയിരുന്നു. അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത 87.5 –നും 91.4 നും ഇടയിലും പടിഞ്ഞാറൻ കാറ്റിന്റെ വേഗത മണിക്കൂറിൽ 4 കിലോമീറ്റർ വരെയുമായിരുന്നു. ആലപ്പുഴ ജില്ലയിൽ ഈ കാലയളവിൽ 16.6 മില്ലി മീറ്റർ മഴ ലഭിച്ചു. | അടുത്ത അഞ്ച് ദിവസങ്ങളിൽ ആലപ്പുഴയിൽ നേരിയ മഴ ലഭിക്കാൻ സാധ്യതയുണ്ട്. പരമാവധി താപനില 32.0°C നും കുറഞ്ഞ താപനില 25.0°C നും ഇടയിൽ ആയിരിക്കും. അന്തരീക്ഷത്തിലെ ആർദ്രത 70% മുതൽ 86% വരെയും ആയിരിക്കും. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 3 കിലോമീറ്റർ വരെ ഉയരാൻ സാധ്യതയുണ്ട്. ഈ കാലയളവിൽ ആകാശം മേഘാവൃതമായിരിക്കും |

**കാർഷികകാലാവസ്ഥമുന്നറിയിപ്പുകൾ:** നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | | മഴ മാറി അന്തരീഷം തെളിയുമ്പോൾ ഉയർന്ന താപനിലയും അന്തരീക്ഷ ആർദ്രതയും കുമിൾ രോഗങ്ങളുടെ ആക്രമണം ഉണ്ടാകാൻ ഉള്ള സാധ്യത കൂട്ടുന്നു .പ്രതിരോധ നടപടികളുടെ ഭാഗമായി തോട്ടത്തിലെ മരങ്ങളുടെ കൊമ്പുകൾ മുറിച്ചു മാറ്റി സൂര്യപ്രകാശം ഉറപ്പ് വരുത്തുക ആവിശ്യനുസരണം കുമിൾ നാശിനികൾ തളിക്കുക. |
| നെല്ല് | വളർച്ചാ ഘട്ടം | നെല്ലിനെ ബാധിക്കുന്ന ഒരു കുമിൾ രോഗമാണ് പോള രോഗം. രോഗത്തെ പ്രതിരോധിക്കുന്നതിനായി ട്രൈക്കോഡെർമ/ സ്യൂഡോമോണാസ് എന്നീ ജീവാണുക്കൾ ഉപയോഗിക്കുക.കാർബെൻഡാസിം 1 ഗ്രാം/ ലിറ്റർ പ്രൊപ്പികോണസോൾ 1 മില്ലി/ലിറ്റർ ഹെക്സകൊണസോൾ 2 മില്ലി/ലിറ്റർഎന്നീ കുമിൾനാശിനികൾ തളിച്ച് കൊടുക്കാം. |
| തെങ്ങ് | വിളവെടുപ്പ് | പാറ്റ ഗുളിക + മണൽ, വേപ്പിൻ പിണ്ണാക്ക് + മണൽ , മെറ്റാറൈസിയം, ക്ലോറാന്ത്രനിലിപ്രോൾ എന്നിവ ഉപയോഗിച്ച് ചെമ്പൻ ചെല്ലി ആക്രമണത്തെയും കൊമ്പൻ ചെല്ലി ആക്രമണത്തെയും കുറയ്ക്കും |
| റംബൂട്ടാൻ | വിളവെടുപ്പ് | റംബൂട്ടാൻ മരങ്ങളിൽ കായ് പൊഴിച്ചിൽ നിയന്ത്രിക്കാൻ സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച തളിക്കുക |
| **വാഴ** | വളർച്ചാ ഘട്ടം | വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം നിയന്ത്രിക്കാൻ ഉണങ്ങിയ ഇലകൾ നീക്കം ചെയ്തു ക്ലോർപൈറിഫോസ് 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച പിണ്ടിയിൽ തളിച്ച് കൊടുക്കുക. |
| വഴുതന | വളർച്ചാ ഘട്ടം | വഴുതനയുടെ ഇലചുരുട്ടി പുഴുവിനെ നിയന്ത്രിക്കാൻ ക്ലോറാൻട്രനിലിപ്രോൾ 18 . 5 EC , 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ തളിക്കുക |
| പയർ | വളർച്ചാ ഘട്ടം | പയറിൽ ചുവടു വീക്കവും വാട്ടവും ഉണ്ടാകാൻ സാധ്യതയുണ്ട്. 4 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് 1 ലിറ്റർ വെള്ളത്തിൽ കലർത്തി ചുവട്ടിൽ തളിക്കുക. |